msarazak@hotmail.com



എം.എസ്.എ. റസാഖ്

# പുതുജീവൻ നൽകുന്ന തജ്ദീദ്

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ عَنْ رَسُولِ اللهِ ﷺ أَنَّهُ قَالَ: إِنَّ اللهَ يَبْعَثُ لِهَذِهِ الأُمَّةِ عَلَى رَأْسِ كُلِّ مِائَةِ سَنَةٍ مَنْ يُجَدِّدُ لَهَا دِينَهَا (أبو داود)

**അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. നബി(സ) അരുളി: "എല്ലാ ഓരോ നൂറു വർഷത്തിന്റെയും പ്രാരംഭത്തിൽ ഈ സമുദായത്തിലേക്ക് അതിന്റെ ദീനിനെ സംസ്കരിക്കുന്ന പരിഷ്കർത്താക്കളെ അല്ലാഹു നിയോഗിക്കും" (അബൂദാവൂദ്, ശൈഖ് അൽബാനി -'സിൽസിലത്തു സ്വഹീഹഃ', നമ്പർ: 599)**

ഭൂമിയിൽ അല്ലാഹുവിന്റെ ദീൻ നിലനിർത്താനുള്ള സംവിധാനം അല്ലാഹു ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ പ്രവാചകന്റെയും കാലാനന്തരം ജനം ദൈവിക പാതയിൽ നിന്ന് വ്യതിചലിച്ചപ്പോൾ അവരെ നേർവഴി നടത്താൻ വീണ്ടും പ്രവാചകന്മാരെ ദൈവിക സന്ദേശവുമായി അല്ലാഹു നിയോഗിച്ചുകൊണ്ടിരുന്നു. അന്ത്യപ്രവാചകന് ശേഷം ഈ ബാധ്യത നിർവഹിച്ചത് സ്വഹാബിമാരും സച്ചരിതരായ ഖലീഫമാരും ഇമാമുമാരും വിവിധ കാലഘട്ടങ്ങളിൽ ആഗതരായ മതപരിഷ്കർത്താക്കളുമായിരുന്നു.

പ്രവാചകത്വ പരമ്പര അവസാനിച്ച ശേഷം സത്യദീൻ സംസ്ഥാപിക്കുന്നതിനും നിലനിർത്തുന്നതിനും സമുദായത്തെ സംസ്കരിക്കുന്നതിനും അല്ലാഹു ഏർപ്പെടുത്തിയ സംവിധാനമാണ് തജ്ദീദ് (നവോത്ഥാനം). പ്രവാചകന്മാരുടെ പ്രവർത്തനത്തിന്റെ തുടർച്ചയാണത്. ഓരോ നൂറ്റാണ്ടിന്റെയും തുടക്കത്തിലോ ഒടുക്കത്തിലോ മതപരിഷ്കർത്താക്കളെ അല്ലാഹു നിയോഗിച്ചുകൊണ്ടിരിക്കും. പ്രവാചകൻ (സ) അരുളി: "സത്യത്തിന്റെ വിജയത്തിനുവേണ്ടി നിലകൊള്ളുന്ന ഒരുവിഭാഗം എന്റെ സമുദായത്തിൽ അന്ത്യദിനം വരെ ഉണ്ടായിക്കൊണ്ടേയിരിക്കും." (ഹാകിം). മറ്റൊരു ഹദീസിൽ ഇങ്ങനെ കാണാം: "എന്റെ സമുദായത്തിൽ ഒരുവിഭാഗം ദൈവകൽപന നിലനിർത്തുന്നതിൽ വ്യാപൃതരായിക്കൊണ്ടിരിക്കും. ആര് എതിർത്താലും, ആര് വിയോജിച്ചാലും അവർക്കത് അസഹ്യമാവുകയില്ല. ദൈവിക കൽപന സമാഗതമാകുവോളം അവർ തങ്ങളുടെ ബാധ്യത നിർവഹിച്ചുകൊണ്ടിരിക്കും." (ബുഖാരി, മുസ്‌ലിം).

ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങാനുള്ള ആഹ്വാനം, മതവിഷയങ്ങളിൽ ഇജ്തിഹാദിന്റെ ആവശ്യകത, ഇതര സംസ്കാരങ്ങളേക്കാളും ജീവിത രീതികളേക്കാളും ഇസ്‌ലാമിക ദർശനത്തിനുള്ള അദ്വിതീയത സ്ഥാപിക്കൽ എന്നിവയാണ് എക്കാലത്തെയും ഇസ്‌ലാമിക നവോത്ഥാനത്തിന്റെ മൗലിക പ്രമേയം. അതിന് സ്വീകരിക്കപ്പെടുന്ന ശൈലിയും രീതിശാസ്ത്രവും കാലാനുസൃതമായി മാറിക്കൊണ്ടിരിക്കും. ദൈവിക മാർഗത്തിൽ നിന്ന് വ്യതിചലിക്കുന്ന സമുദായത്തെ ദീനിന്റെ സൽപന്ഥാവിലേക്ക് പുനർനയിക്കുകയാണ് തജ്ദീദിന്റെ ലക്ഷ്യം.

ഇസ്‌ലാമിക നവോത്ഥാന പ്രവർത്തനങ്ങൾ ഒരു വ്യക്തി നിർവഹിക്കുന്നതാവാം; ഒരു സംഘം അഥവാ പ്രസ്ഥാനം നിർവഹിക്കുന്നതാകാം. ഹദീസിൽ പ്രയോഗിച്ചിട്ടുള്ള 'മൻ' എന്നത് വ്യക്തിയെയും സംഘത്തെയും ഉൾക്കൊള്ളുന്ന പദമാണ് (ഇബ്നു ഹജർ-ഫത്ഹുൽ ബാരി: 13/295). ആധുനിക കാലഘട്ടത്തിന് മുമ്പ് നവോത്ഥാന ശ്രമങ്ങൾ ഏതെങ്കിലും പരിഷ്കർത്താക്കളെ കേന്ദ്രീകരിച്ചാണ് നടന്നിരുന്നത്. എന്നാൽ ആധുനിക നൂറ്റാണ്ടിൽ മുഖ്യമായും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ വഴിയാണ് അത് നടക്കുന്നത്. ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും അടർത്തിമാറ്റി ആധുനിക 'ഇസ'ങ്ങൾക്ക് സമാനമായി ഏതെങ്കിലും 'പുത്തൻ ദീനി'നെ അവതരിപ്പിക്കുകയല്ല 'ദീനിന്റെ നവോത്ഥാനം' എന്നത് കൊണ്ട് അർഥമാക്കുന്നത്. മറിച്ച്, യഥാർഥ ദൈവിക ദീനിന്റെ പ്രബോധന-പ്രചാരണ പ്രവർത്തനം നടത്തുകയും ദീനീ അടിത്തറയിൽ സമുദായത്തെ സംസ്കരിക്കുകയും ചെയ്യുക എന്നാണ്.

തനതായ ദീനിൽ നിന്ന് ജനം വ്യതിചലിക്കുമ്പോൾ അവരെ വിശ്വാസപരമായും കർമപരമായും സംസ്കരിക്കുക എന്ന പ്രവർത്തനമാണ് ഇസ്‌ലാമിക നവോത്ഥാനം. മനുഷ്യൻ വികൃതവും വികലവുമാക്കിയ ദീനിന്റെ സ്ഥാനത്ത് പ്രവാചകൻ പഠിപ്പിച്ച യഥാർഥ ദൈവിക ദീനിനെ അവതരിപ്പിക്കുക. ഈ അർഥത്തിലാണ് ഹദീസിൽ 'അവരുടെ ദീനിനെ സംസ്കരിക്കുവാൻ' എന്ന് പ്രത്യേകം പറഞ്ഞിട്ടുള്ളത്. ഇവിടെ 'ദീനിനെ' 'ഉമ്മത്തി'നോട് ചേർത്ത് പറഞ്ഞിരിക്കുന്നു. കാരണം വ്യതിചലനവും മാറ്റവും ദൗർബല്യവും ഉമ്മത്തിനാണ് സംഭവിക്കുക, ദൈവിക ദീനിനല്ല. 'ഓരോ നൂറ്റാണ്ടിന്റെയും തുടക്കത്തിൽ/ഒടുക്കത്തിൽ' എന്ന പ്രയോഗം മത നവോത്ഥാന പ്രവർത്തനങ്ങളുടെ നൈരന്തര്യത്തെയാണ് സൂചിപ്പിക്കുന്നത്. ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും അടർത്തിമാറ്റുന്ന ദീൻ സ്വീകാര്യമല്ല. പഴയത് നശിപ്പിച്ച് പുതിയത് നിർമിക്കുകയല്ല മതനവീകരണം. പ്രത്യുത മതത്തിന്റെ തനതായ തത്ത്വവും സന്ദേശവും അതേപടി ലോകത്തിന് മുമ്പാകെ പുനരവതരിപ്പിക്കുകയാണ്. ■